ശ്രീ. എം. നാരായണക്കുറുപ്പ് : ഈയിടെ, ഫാറസ്റ്റ് ഡിപ്പാർട്ട്മെൻറിൽനിന്നും 12 ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുത്തു് ഒരുലക്ഷം രൂപവരെ ചെലവുചെയ്തു പരിശീലനം നൽകുകയും, ഇപ്പോഴും, അവരെ നിയമിക്കാൻ സാധിക്കാത്ത ഒരു പരിതഃസ്ഥിതി വരികയും ചെയ്തിട്ടുണ്ടോ ; ഈ കാര്യത്തിൽ ഗവണ്മെൻറ് എന്തു നടപടി എടുത്തു ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഈ ചോദ്യം ഫാറസ്റ്റ് ഗാർഡ്സിനെ സംബന്ധിച്ചതാണു്. ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു് റെയിഞ്ചർമാരുടെ ട്രെയിനിംഗിനെ സംബന്ധിച്ചാണു്. വേക്കൻസി ഇല്ലാത്തതുകൊണ്ടാണു് നിയമനം കൊടുക്കാത്തതു്. അവരെ നിയമിക്കുന്നതിനുള്ള നടപടികളും ഇപ്പോൾ എടുത്തു വരികയാണു്.

ശ്രീ. എസ്. കുമാരൻ : നിശ്ചിത വിദ്യാഭ്യാസയോഗ്യതയുള്ളവർക്കു് മറ്റു ഡിപ്പാർട്ടുമെൻറുകളിലെന്നപോലെ പ്രമോഷൻ ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിലെ ഗാർഡ്സിനു എന്തുകൊണ്ടു് നൽകിക്കൂടാ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അങ്ങനെയുള്ളവർക്കു 15 ശതമാനം റിസർവ്വു് ചെയ്തിട്ടുണ്ടു്. ആ സീറ്റുകളിലേക്കു് പി. എസ്. സി. വഴി നിയമനം നടത്തുകൊണ്ടിരിക്കുകയാണു്.

ആശുപത്രിയിലെ ഡാക്ടർമാരുടെ കുറവു്

* 399. [6] ശ്രീ. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്നു് എല്ലാ ആശുപത്രികളിലും അവിടത്തെ സാംക്ഷൻഡ് സ്ട്രെങ്തനുസരിച്ചുള്ള ഡാക്ടർമാരുണ്ടോ ;

(ബി) ആകെ എത്ര ഡാക്ടർമാരുടെ കുറവുണ്ടു് ;

(സി) മുളംകുന്നത്തുകാവു് ടി. ബി. സാനിട്ടോറിയത്തിൽ എത്ര ഡാക്ടർമാരാണു് ഇന്നുള്ളതു് ;

(ഡി) എത്ര പേർ കുറവുണ്ടു് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഇല്ല.

(ബി) 36.

(സി, ഡി) ഇപ്പോൾ മേൽപടി സ്ഥാപനത്തിൻറെ bed strength 288 ആണു്. അതുപ്രകാരം 7 ഡാക്ടർമാരെക്കൂടി നിയമിക്കാം.

ശ്രീ. ഈ പി. ഗോപാലൻ : ഇങ്ങനെ കുറവുവന്നിട്ടുള്ള കൂട്ടത്തിൽ 'ഈ. എൻ. ടി.' സ്പെഷ്യലിസ്റ്റു്, 'ഐ' സ്പെഷ്യലിസ്റ്റു് തുടങ്ങിയ സ്പെഷ്യലിസ്റ്റുകളുടെ കുറവു വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ ജനറൽ വിഭാഗത്തിൽ പ്രവർത്തിക്കുന്ന ഇത്തരം സ്പെഷ്യലിസ്റ്റുകളെ അവരുടെ സ്പെഷ്യലിസ്റ്റു തസ്തികയിലേക്കു് നിയമിക്കുന്നതിനുള്ള നടപടിയെടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : 36 പേർ എന്നു പറഞ്ഞതിൽ സ്പെഷ്യലിസ്റ്റുകളും പെടും. ഈ. എൻ. ടി. സ്പെഷ്യലിസ്റ്റുകളും ഇങ്ങനെ ജനറൽ സർവ്വീസിനു പോകാറില്ല.

ശ്രീ. പി. ആർ. കൃഷ്ണൻ : മുളംകുന്നത്തുകാവു് സാനിട്ടോറിയത്തിൽ ഡാക്ടർമാരെ കുറച്ചു നിയമിക്കുവാൻ വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗോവിന്ദൻ നായർ : യോഗ്യതയുള്ള ആളുകളെ ലഭിക്കുവാനുള്ള കുറവാണ് മുഖ്യമായിട്ടുള്ള കാരണം. ഇടയ്ക്ക് ഒരാഴ്ച അവധി എടുക്കുകയുണ്ടായി. ഉടനെതന്നെ വേറൊരാളെ നിയമിക്കുവാൻ ഓർഡർ കൊടുത്തിട്ടുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ് : ഒരു ഓപ്പറേഷൻ കേസിൽ രോഗി പെട്ടെന്നു മരിച്ചുപോകുവാൻ ഇടയായിട്ടുള്ളതിനെപ്പറ്റി അന്വേഷിച്ചപ്പോഴും അവിടെ അനസ്തേഷ്യാ സ്പെഷ്യലിസ്റ്റില്ലായിരുന്നുവെന്നു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോഴും അവിടെ അനസ്തേഷ്യാ സ്പെഷ്യലിസ്റ്റിനെ നിയമിച്ചിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇപ്പോഴും അവിടെ അനസ്തേഷ്യാ സ്പെഷ്യലിസ്റ്റിനെ നിയമിച്ചിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. കൂടുതൽ ആളുകളുടെ ആവശ്യമുണ്ട്. ഇതു എങ്ങനെ പരിഹരിക്കാമെന്നു ഗവണ്മെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ ഡിസ്ട്രിക്റ്റ് ആശുപത്രിയിലും ഒരു അനസ്തേഷ്യാ സ്പെഷ്യലിസ്റ്റിനെയെങ്കിലും നിയമിക്കണമെന്നു ഗവണ്മെന്റിനു വിചാരമുണ്ട്.

ശ്രീ. ഒ. കോരൻ : കണ്ണൂർ ഡിസ്ട്രിക്റ്റിൽ തളിപ്പറമ്പ താലൂക്കിൽ പയ്യന്നൂർ ആശുപത്രിയിൽ ഇപ്പോഴും ഡാക്ടർമാർ ആരും ഇല്ലെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ഉടനടി വേണ്ട പരിഹാരം നിർദ്ദേശിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : കണ്ണൂർ ഡിസ്ട്രിക്റ്റിൽപ്പെട്ട പയ്യന്നൂർ ആശുപത്രിയിൽ ഡാക്ടർമാരുടെ തസ്തിക ഒഴിവായിക്കിടക്കുകയാണ്. ആളെ കിട്ടിയാൽ ഉടനെതന്നെ നിയമിക്കാം. തൽക്കാലം മറ്റൊരു ആശുപത്രിയിലെ ഡാക്ടർക്ക് അഡീഷണൽ ചാർജ്ജുകൊടുത്തിട്ടുണ്ട്.

ശ്രീ. പി. വി. കുഞ്ഞുണ്ണി നായർ : ഒറ്റപ്പാലം താലൂക്കിൽ അമ്പലപ്പാറ ആശുപത്രിയിൽ കുറെ നാളായി ഡാക്ടർ ഇല്ല. അവിടേയ്ക്ക് ഡാക്ടറെ സാങ്ഷൻ ചെയ്തിട്ടുണ്ടെങ്കിലും ആരും അവിടെ വരാൻ സമ്മതിക്കുന്നില്ല എന്നാണ് അറിയുന്നതു്. ഇതിനുള്ള കാരണമെന്താണ് ; കഴിയുന്നതും വേഗം അവിടെ ഡാക്ടറെ നിയമിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : എല്ലാ സ്ഥാപനങ്ങളിലേക്കും ആളുകളെ നിശ്ചയിച്ചിട്ടുണ്ട്. താമസിക്കുവാൻ സൗകര്യംപോരാ എന്നെല്ലാമുള്ള കാരണങ്ങളാൽ ആരും അവിടെ പോകുവാൻ ഇഷ്ടപ്പെടുന്നില്ല. ചില ആശുപത്രികളിൽ ഡാക്ടർമാരെ പോസ്റ്റുചെയ്താലും അവർ ഉടനെതന്നെ അവധിക്കപേക്ഷിക്കുകയും അവധി റഫ്യൂസ് ചെയ്യുമ്പോൾ രാജിവച്ചുപോകുകയും ചെയ്യുന്ന അനുഭവമാണ് ഉള്ളതു്. അങ്ങനെ ചില ബുദ്ധിമുട്ടുകളും ഉണ്ട്.

കൃഷിപ്പിഴ

* 400. [7] †ശ്രീ. എൻ. ഗോപാലക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓണാട്ടുകരപ്രദേശത്തു് കഴിഞ്ഞവർഷമുണ്ടായ കൃഷിപ്പിഴയെപ്പറ്റി ഗവണ്മെന്റിനു കൃഷിക്കാരിൽനിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) അതിനെപ്പറ്റി എന്തെങ്കിലും തീരുമാനമെടുത്തുവോ ;

(സി) എങ്കിൽ എന്തു് ?

† Put by Shri P. K. Kunjachan.

LIBRARY ARCHIVES Kerala Legislative Assembly